**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6785** **2/11/2011 -ൽ മറുപടിക്ക്**

## ഡിജിറ്റൽ സൂപ്പർ ഹൈവേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സ്കൂളുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഡിജിറ്റൽ സൂപ്പർ ഹൈവേയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണ് ; | (എ) സ്കൂളുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഡിജിറ്റൽ സൂപ്പർ ഹൈവേയുടെ പ്രവർത്തനം പൈലറ്റിങ് സ്റ്റേജിലാണ്. തിരുവനന്തപുരം ജില്ലയിൽ രണ്ടു സ്കൂളുകളിൽ ബി.എസ്.എൻ.എൽ ഈ സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) ഇതിനായി വകുപ്പിൽ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ എത്ര മാത്രം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ഇപ്പോൾത്തന്നെ ബ്രോഡ്ബാന്റ് കണക്ഷൻ എല്ലാ സർക്കാർ / എയ്ഡഡ് സ്കൂളുകളിലും നിലവിലുണ്ട്. അതിനെ പ്രോജക്ട് അതിവേഗ VPN (Virtual Private Network) ആയി അപ്ഗ്രേഡ് ചെയ്യുകയാണ് ഇപ്പോൾ ചെയ്യുന്നത്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായം ഇതിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട് ; | (സി) ബി.എസ്.എൻ.എൽ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, എന്നിവയുടെ സഹായത്തോടെ ഐ.ടി @ സ്കൂൾ ആണ് നിർവഹണം നടത്തുന്നത്. |
| (ഡി) ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ഡി) നിലവിലുള്ള സാധാരണ ബ്രോഡ്ബാൻഡ് കണക്ഷൻ വി.പി.എൻ അധിഷ്ഠിതമാകുമ്പോൾ എത്ര കൂടിയ ഡേറ്റയും കൂടുതൽ സുരക്ഷിതത്വത്തോടെ അപ്ലോഡു ചെയ്യാനും ഡൗൺലോഡു ചെയ്യാനും ഇനി സ്കൂളുകൾക്കും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകൾക്കും സാധ്യമാകും എന്നത് ഇതുമൂലമുണ്ടാകുന്ന ഒരു നേട്ടമാണ്. കോഡുഭാഷയിലാക്കി (എൻക്രിപ്റ്റ്) ചെയ്ത് ആർക്കും മാറ്റം വരുത്താൻ കഴിയാത്ത |

രൂപത്തിൽ സുരക്ഷിതമായി ഡേറ്റാ കൈമാറ്റം സാധ്യമാക്കുന്നു എന്നതാണ് വി.പി.എൻ-ന്റെ മറ്റൊരു പ്രധാന സവിശേഷത, ഐടി അധിഷ്ഠിത ഉള്ളടക്കം, സ്കൂൾ വിക്കി, കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിംവർക്ക് സോഫ്ട്‌വെയർ, സ്കൂൾ മാനേജ്മെന്റ് സിസ്റ്റം, സ്കൂൾ പോർട്ടൽ തുടങ്ങിയ അക്കാദമിക് വിഭവങ്ങൾ എത്ര വലിയ ഫയലുകളാണെങ്കിലും മൾട്ടിമീഡിയയും, വീഡിയോയും ഉണ്ടെങ്കിലും ഇനി സ്കൂളുകൾക്ക് വി.പി.എൻ ബ്രോഡ്ബാൻഡിലൂടെ അനായാസേന ഉപയോഗിക്കാൻ കഴിയും എന്നതും ഒരു നേട്ടമാണ്. ഇതിനു പുറമെ എസ്.എസ്.എൽ.സി-ഹയർ സെക്കന്ററി റിസൽട്ടുകൾ, ഏകജാലക പ്രവേശന പ്രക്രിയയിൽ വിവരങ്ങൾ നൽകുന്നതും സ്വീകരിക്കുന്നതും, അധ്യാപകരുടെ സ്ഥലംമാറ്റ അപേക്ഷകൾ, ഉച്ചക്കഞ്ഞി വിതരണ വിശദാംശങ്ങൾ, കലോത്സവങ്ങൾ-സ്പോർട്സ് മീറ്റുകൾ, ശാസ്ത്രമേളകൾ തുടങ്ങിയവയുടെ പോർട്ടലുകളിലെ വിവര കൈമാറ്റം തുടങ്ങിയ ഇ-ഗവേർണൻസ് പ്രക്രിയകളും ഇതുകൊണ്ട് ഇനി സുഗമമാവും. ശമ്പള ബിൽ തയ്യാറാക്കാൻ ഉപയോഗിക്കുന്ന 'സ്പാർക്ക്' പോർട്ടലും ഇനി എളുപ്പം ലഭ്യമാകും എന്നതും മറ്റൊരു നേട്ടമാണ്.

സെക്ഷൻ ഓഫീസർ